107/NSS/DHSE/2016 **സ്വാതന്ത്ര്യദിനാശംസകൾ** 11/08/2016

ഭാരതത്തിന്റെ 70-ാം സ്വാതന്ത്ര്യ ദിനാഘോഷം ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം വിവിധ പ്രവർത്തനപരിപാടികളോടുകൂടി എൻഎസ്എസ് യൂണിറ്റുകളിലും പിഎസി തലത്തിലും ജില്ലാതലത്തിലും മേഖലാതലത്തിലും സമുചിതമായി ആചരിക്കുന്നു.

1. യൂണിറ്റുതലത്തിൽ സ്വാതന്ത്ര്യദിന സന്ദേശം പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ നൽകുകയും സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ടുള്ള ആശയങ്ങൾ വിദ്യാർത്ഥികളിൽ പ്രചരിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ നടത്താവുന്നതാണ്.
2. ദത്തു ഗ്രാമത്തിലെ യുവജനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ സ്വാതന്ത്ര്യദിന ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാവുന്നതാണ്.
3. സ്വാതന്ത്ര്യദിനത്തെ സംബന്ധിച്ചുള്ള ഡോക്കുമെന്ററികൾ, ഷോർട്ട് ഫിലിം എന്നിവ വിദ്യാലയത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്.

എല്ലാ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാർക്കും, എൻഎസ്എസ് കുടുംബാംഗങ്ങൾക്കും ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ **സ്വാതന്ത്ര്യ ദിനാശംസകൾ....**

**ടീം എൻഎസ്എസ്**

യൂണിറ്റ്, പിഎസി, ജില്ലാ, മേഖലാതലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടിയുടെ ഫോട്ടോ ഉൾപ്പെടയുള്ള വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കേണ്ടതാണ്.